# പതിമൂന്നാം കേരള നിയമസഭ
# ഒമ്പതാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2751**      **20.06.2013-ൽ മറുപടി നൽകേണ്ടത്**

## റവന്യൂ ദിനാഘോഷം നടത്താൻ പദ്ധതി

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ റ്റി.എൻ. പ്രതാപൻ<br>ശ്രീ തേറമ്പിൽ രാമകൃഷ്ണൻ<br>ശ്രീ പി.എ.മാധവൻ<br>ശ്രീ പി.സി.വിഷ്ണുനാഥ് | ശ്രീ അടൂർപ്രകാശ്<br>റവന്യൂവും കയറും വകുപ്പുമന്ത്രി |

(എ) സംസ്ഥാനത്ത് റവന്യൂ ദിനാഘോഷം നടത്താൻ പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) ഏതെല്ലാം ഏജൻസികളാണ് ഇതിനായി സഹകരിക്കുന്നത് എന്ന് വിശദമാക്കുമോ;

(ഡി) പദ്ധതി നടത്തിപ്പിനായി എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട്; വിശദാംശങ്ങൾ എന്തെല്ലാം?

(എ) + (ബി )+ (സി) +(ഡി)

കേരളത്തിലെ ഭൂപരിഷ്ക്കരണ പ്രവർത്തനങ്ങൾ വ്യവസ്ഥാപിതമാക്കുന്നതിൽ നിർണ്ണായക സ്വാധീനം ചെലുത്തിയ 1886 ഫെബ്രുവരി 24-ലെ റവന്യൂ സെറ്റിൽമെന്റ് പ്രൊക്ലമേഷന്റെ പ്രാധാന്യം കണക്കിലെടുത്ത് എല്ലാ വർഷവും ഫെബ്രുവരി 24-ാം തീയതി റവന്യൂ ദിനമായി ആചരിക്കുന്നതിനും അതിനോടനുബന്ധിച്ച് റവന്യൂ വകുപ്പിലെയും സർവ്വെ വകുപ്പിലെയും എല്ലാ ജില്ലയിൽനിന്നുമുള്ള മികച്ച ഉദ്യോഗസ്ഥർക്ക് പുരസ്ക്കാരങ്ങൾ നൽകുന്നതിനും സർക്കാർ തീരുമാനിച്ചിട്ടുണ്ട്. ഭൗതികമായതും മാനവശേഷി സംബന്ധമായതുമായ വളരെയധികം പരിമിതികൾക്കും അപര്യാപ്തതകൾക്കിടയിലും പ്രവർത്തിക്കുന്ന റവന്യൂ വകുപ്പിലെ ജീവനക്കാരിൽ ഉത്സാഹം ഉണർത്തി അവരുടെ സേവനം മെച്ചപ്പെടുത്തുന്നതിലൂടെ പൊതുജനങ്ങൾക്ക് മെച്ചപ്പെട്ട സേവനം ലഭ്യമാകുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ 24.02.13-ന് റവന്യൂ ദിനമായി ആചരിക്കുകയും കോട്ടയത്ത്വച്ച് നടന്ന ചടങ്ങിൽ റവന്യൂ വകുപ്പിലെ എല്ലാ ജില്ലയിൽ നിന്നുമുള്ള മികച്ച ഡെപ്യൂട്ടി കളക്ടർ, തഹസിൽദാർ, വില്ലേജാഫീസർ തസ്തികകളിലുള്ളവർക്കും സർവ്വെവകുപ്പിലെ മികച്ച ഡെപ്യൂട്ടി ഡയറക്ടർ, അസിസ്റ്റന്റ് ഡയറക്ടർ, സൂപ്രണ്ട്-സർവ്വെയും ഭൂരേഖയും വകുപ്പ്, ടെക്നിക്കൽ അസിസ്റ്റന്റ്, ഹെഡ് ഡ്രാഫ്റ്റ്സ്മാൻ, ഡ്രാഫ്റ്റ്സ്മാൻ, ഹെഡ് സർവ്വെയർ, സർവ്വെയർ എന്നീ തസ്തികകളിലുള്ളവർക്കും പുരസ്ക്കാരങ്ങൾ സമ്മാനിക്കുകയും ചെയ്തു. മികച്ച ജില്ലാകളക്ടർക്കും പുരസ്ക്കാരം സമ്മാനിക്കുകയുണ്ടായി. റവന്യൂ വകുപ്പ് മുഖാന്തിരമാണ് ടി പരിപാടി ആസൂത്രണം ചെയ്തിരിക്കുന്നത്.

സെക്ഷൻ ഓഫീസർ